# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4085** **21.10.2016 ൽ മറുപടിയ്ക്ക്**

## അനധികൃത ടാക്സികളുടെ നിരോധനം

| ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രൈവറ്റ് വാഹനങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളവ ടാക്സി സർവീസുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് മൂലം കൂടിയ തോതിൽ റോഡുനികുതിയും ഇൻഷ്വറൻസും അടച്ച് നടത്തുന്ന ടാക്സികളുടെ പ്രവർത്തനം നഷ്ടത്തിലാകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) | പ്രൈവറ്റ് വാഹനങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾക്ക് ടാക്സി സർവീസ് നടത്തുന്നതിന് അനുവാദമില്ല. അത്തരത്തിൽ അനധികൃത ടാക്സി സർവീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. അത്തരം വാഹനം കണ്ടെത്തിയാൽ ആ വാഹനത്തിന്റെ ഉടമയ്ക്കെതിരെ 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 192 (എ) പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുകയും തുടർന്ന് പെർമിറ്റ് എടുപ്പിക്കുകയും ചെയ്തു വരുന്നു. |
| (സി) | സർക്കാരിന് ലഭിക്കേണ്ട വരുമാനത്തിൽ ഭീമമായ കുറവ് വരുന്നത് പരിഹരിക്കാൻ അനധികൃത ടാക്സികളുടെ നിരോധനം സാധ്യമാക്കുമോ; | | |
| (ഡി) | ഇതിനായി ശക്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | അനധികൃത ടാക്സി സർവീസ് കണ്ടെത്തുന്നതിനായി എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ പരിശോധന ശക്തമാക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ